**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4612** | **29-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ തീരസംരക്ഷണത്തിന് പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ആലപ്പുഴ ജില്ലയിൽ കടലാക്രമണം രൂക്ഷമായ സ്ഥലത്ത് തീരദേശ സംരക്ഷണത്തിനായി കെ.ഐ.ഐ.ഡി.സി. (KIIDC) മുഖാന്തരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറകളുടെ ലഭ്യതക്ക് വേണ്ടി കരാറുകാരൻ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ കോട്ടങ്ങൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ച് വരുന്ന ഒരു ക്രഷർ യൂണിറ്റോട്ടു കൂടിയ പാറമട വാങ്ങിയിട്ടുണ്ട്. കൂടാതെ അതിൽ നിന്നും ടി പ്രവൃത്തിക്കാവശ്യമായ കരിങ്കല്ലുകൾ ലഭ്യമാക്കുന്നതിന് വേണ്ടി ഈ പാറമടയുടെ ഖനന അളവ് വർദ്ധിപ്പിച്ച് കിട്ടുന്നതിന് വേണ്ടി മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇത് കൂടാതെ കരാറുകാരൻ വിവിധ സ്വകാര്യ പാറമടകളിൽ നിന്നും കരിങ്കല്ലുകൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ ബഹു. കോടതികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പ്രാദേശികമായ എതിർപ്പുകൾ മുഖാന്തരവും പാറകളുടെ ലഭ്യത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | കെ.ഐ.ഐ.ഡി.സി.ലിമിറ്റഡ് (കിഡ്ക് ) മുഖേന നടപ്പിലാക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് പാറയുടെ ലഭ്യതയ്ക്ക് കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.ഐ.ഐ.ഡി.സി.(കിഡ്ക്) മുഖാന്തരം നടപ്പിലാക്കി കൊണ്ടിരിക്കുന്ന പുലിമുട്ടുകളുടെ നിർമ്മാണത്തിന് പാറകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. കോടതി ഉത്തരവ് പ്രകാരം ജനവാസ മേഖലയിൽ നിന്നും 200 മീറ്റർ ചുറ്റളവിനു മുകളിൽ മാത്രമേ ഖനനം അനുവദിക്കുന്നുള്ളതുകൊണ്ട് പല സ്വകാര്യ പാറമടകളുടെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാലും പ്രാദേശികമായ എതിർപ്പുകളും കാരണം പാറ യഥേഷ്ടം ലഭിക്കുന്നതിന് തടസ്സം നേരിട്ടുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പുലിമുട്ട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെകുറിച്ച് വിശദമാക്കാമോ? | (സി) | ആലപ്പുഴ ജില്ലയിൽ കിഫ്ബി ധനസഹായത്തോട്ടു കൂടി കാട്ടൂരിൽ 3.16 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 34 പുലിമുട്ടുകളുടെയും, അമ്പലപ്പുഴയിൽ 3.24 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 30 പുലിമുട്ടുകളും 305 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും, പതിയാങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 13 പുലിമുട്ടുകളുടെയും, ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 21 പുലിമുട്ടുകളും 40 മീറ്റർ നീളത്തിലുള്ള കടൽഭിത്തിയുടെയും, വട്ടച്ചാലിൽ 1.70 കി.മീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണത്തിന് വേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. അമ്പലപ്പുഴയിൽ രണ്ട് ഗ്രോയിനുകളുടെ നിർമ്മാണ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴയിൽ 12484 എണ്ണം 2 ടൺ ടെട്രാപോഡുകളും, 1151 എണ്ണം 5 ടൺ ടെട്രാപോഡുകളും, കാട്ടൂരിൽ 16525 എണ്ണം 2 ടൺ ടെട്രാപോഡുകളും, 1709 എണ്ണം 5 ടൺ ടെട്രാപോഡുകളും, പതിയങ്കരയിൽ 5816 എണ്ണം 2 ടൺ ടെട്രാപോഡുകളും, 683 എണ്ണം 5 ടൺ ടെട്രാപോഡുകളും, വട്ടച്ചാലിൽ 4758 എണ്ണം 2 ടൺ ടെട്രാപോഡുകളും, 274 എണ്ണം 5 ടൺ ടെട്രാപോഡുകളും, ആറാട്ടുപുഴയിൽ 3188 എണ്ണം 2 ടൺ ടെട്രാപോഡുകളും, 2385 എണ്ണം 5 ടൺ ടെട്രാപോഡുകളും നിർമ്മിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് വേണ്ടി കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ രൂക്ഷമായ കടലാക്രമണം നേരിടുന്ന ആറാട്ടുപുഴയിൽ നെല്ലാനിക്കൽ പ്രദേശത്ത് 500 മീറ്റർ നീളത്തിലും, അമ്പലപ്പുഴയിൽ കാക്കാഴം പ്രദേശത്ത് 2.20 കി.മീറ്റർ നീളത്തിലും, ആലപ്പുഴയിൽ പൊള്ളേത്തൈ പ്രദേശത്ത് 1.20 കി.മീറ്റർ നീളത്തിലും, ചേർത്തലയിൽ ഒറ്റമശ്ശേരി പ്രദേശത്ത് ഒരു കി.മീറ്റർ നീളത്തിലുമുള്ള തീരസംരക്ഷണത്തിനായി ₹88.129 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയത് കിഫ്ബി ധനസഹായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ